REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 18-04-2024 **സമയം** 12.30 PM

## പ്രധാന വാർത്തകൾ

- **ഒന്നാം ഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിന്റെ വോട്ടെടുപ്പ് നാളെ. തമിഴ്നാട്ടിലെ 39 ഉം, ലക്ഷദ്വീപിലെയും പുതുച്ചേരിയിലെയും ഒന്നു വീതവും ഉൾപ്പെടെ 102 മണ്ഡലങ്ങൾ വിധിയെഴുതും.**
- **നാലാം ഘട്ട തിരഞ്ഞെടുപ്പിന് വിജ്ഞാപനം പുറപ്പെടുവിച്ചു.**
- **സംസ്ഥാനത്ത് വോട്ടെടുപ്പിന് എട്ടുനാൾ. മണ്ഡലങ്ങൾ ഇളക്കിമറിച്ച് ദേശീയ - സംസ്ഥാന നേതാക്കൾ.**
- **പ്രശസ്ത തിരക്കഥാകൃത്തും സംവിധായകനുമായ ബൽറാം മട്ടന്നൂർ അന്തരിച്ചു.**
- **തൃശൂർ പൂരം നാളെ.**
- **IPL ക്രിക്കറ്റിൽ ഇന്ന് പഞ്ചാബ് കിംഗ്സ്, മുംബൈ ഇന്ത്യൻസിനെ നേരിടും.**

## വാർത്തകൾ വിശദമായി

**ഒന്നാം ഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിന്റെ വോട്ടെടുപ്പ് നാളെ. ഇതിന് തയ്യാറെടുപ്പുകൾ പൂർത്തിയായി. തമിഴ്നാട്ടിലെ 39 ഉം, ലക്ഷദ്വീപിലെയും പുതുച്ചേരിയിലെയും ഒന്നു വീതവും ലോക്സഭാ മണ്ഡലങ്ങൾ നാളെ വിധിയെഴുതും.**

**17 സംസ്ഥാനങ്ങളിലെയും നാല് കേന്ദ്രഭരണ പ്രദേശങ്ങളിലെയും 102 മണ്ഡലങ്ങളാണ് ആദ്യഘട്ടത്തിൽ പോളിംഗ് ബൂത്തിലെത്തുന്നത്.**

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പിന്റെ നാലാം ഘട്ട വിജ്ഞാപനം തിരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിച്ചു. ഒമ്പത് സംസ്ഥാനങ്ങളിലേയും ജമ്മുകശ്മീരിലെയും 96 സീറ്റുകളിൽ അടുത്ത മാസം 13 നാണ് വോട്ടെടുപ്പ്.

ആന്ധ്രാപ്രദേശിൽ 25 ഉം, തെലങ്കാനയിൽ 17 ഉം, ഉത്തർപ്രദേശിൽ 13 ഉം, മഹാരാഷ്ട്രയിൽ 11 ഉം, മധ്യപ്രദേശ്, പശ്ചിമബംഗാൾ സംസ്ഥാനങ്ങളിൽ എട്ടു വീതവും, ബിഹാറിൽ അഞ്ചും, ഝാർഖണ്ഡിലും, ഒഡീഷയിലും നാലു വീതവും, ജമ്മുകശ്മീരിൽ ഒന്നും മണ്ഡലങ്ങളിലാണ് ഈ ഘട്ടത്തിൽ വിധിയെഴുത്ത്.

നാമനിർദ്ദേശ പത്രികകൾ ഈ മാസം 25 വരെ സ്വീകരിക്കും.

✪✪✪

ജനാധിപത്യപരമായ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് വോട്ടവകാശം വിനിയോഗിക്കണമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാർ വോട്ടർമാരോട് അഭ്യർത്ഥിച്ചു. ജനങ്ങളുടെ അർത്ഥവത്തായ പങ്കാളിത്തംകൊണ്ടാണ് മികച്ച നിലവാരത്തോടെയും കൃത്യതയോടെയും തെരഞ്ഞെടുപ്പുകൾ പൂർത്തീകരിക്കാനാകുന്നതെന്ന് അദ്ദേഹം ആകാശവാണി വാർത്തകളോട് പറഞ്ഞു.

തെരഞ്ഞെടുപ്പുകൾ ഇന്ത്യൻ ജനാധിപത്യത്തിന്റെ ഏറ്റവും സുന്ദരമായ മുഖമാണെന്ന് വിശേഷിപ്പിച്ച മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ, മികച്ച പങ്കാളിത്തത്തോടെ യുവജനങ്ങൾ തെരഞ്ഞെടുപ്പിന് വിപ്ലവകരമായ നേതൃത്വം നൽകണമെന്ന് ആവശ്യപ്പെട്ടു.

വോട്ട് ചെയ്യാനെത്തുന്നവർക്കായി ബൂത്തുകളിൽ ആവശ്യമായ എല്ലാ സൗകര്യങ്ങളും ഉറപ്പാക്കിയിട്ടുണ്ടെന്നും രാജീവ് കുമാർ പറഞ്ഞു.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പിന് BJP, 13-ാമത് സ്ഥാനാർത്ഥി പട്ടിക പുറത്തിറക്കി. കേന്ദ്രമന്ത്രി നാരായൺ റാണെ മഹാരാഷ്ട്രയിലെ രത്നഗിരി- സിന്ധു ദുർഗ് ലോക്സഭാ മണ്ഡലത്തിൽ മത്സരിക്കും.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പിൽ കേരളത്തിന്റെ വിധിയെഴുത്തിന് എട്ടു നാളുകൾ മാത്രം. മൂന്നു മുന്നണികളും സജീവമായി പ്രചാരണ രംഗത്തുണ്ട്. ദേശീയ - സംസ്ഥാന നേതാക്കൾ പ്രചരണരംഗത്ത്

സജീവമാണ്. പൊള്ളുന്ന ചൂടിനെ വകവെക്കാതെ പരമാവധി വോട്ടർമാരെ നേരിട്ട് കണ്ട് വോട്ടുറപ്പിക്കുന്ന ശ്രമത്തിലാണ് സ്ഥാനാർത്ഥികൾ.

✪✪✪

കോൺഗ്രസ് നേതാവ് രാഹുൽഗാന്ധി സംസ്ഥാനത്ത് ഇന്ന് വീണ്ടും പ്രചാരണം നടത്തും. രാവിലെ കണ്ണൂരും, ഉച്ചകഴിഞ്ഞ് പാലക്കാട്ടും, വൈകിട്ട് കോട്ടയത്തും UDF പ്രചാരണയോഗങ്ങളെ അദ്ദേഹം അഭിസംബോധന ചെയ്യും.

✪✪✪

NDA സ്ഥാനാർത്ഥി തുഷാർ വെള്ളാപ്പള്ളിക്കുവേണ്ടി ബിജെപി ദേശീയ അധ്യക്ഷൻ J.P നദ്ദ നാളെ കോട്ടയം മണ്ഡലത്തിൽ പ്രചരണം നടത്തും.

✪✪✪

വയനാട് ലോക്സഭ മണ്ഡലത്തിലെ UDF തെരഞ്ഞെടുപ്പ് പ്രചാരണത്തിന് കർണാടക ഉപമുഖ്യമന്ത്രി D.K ശിവകുമാർ വൈകിട്ട് കോഴിക്കോട് മുക്കത്ത് റോഡ് ഷോ നടത്തും. ഇതിന് ശേഷം ജനങ്ങളുമായി അദ്ദേഹം സംവദിക്കും.

✪✪✪

അധികാരം മാത്രം ലക്ഷ്യം വെച്ചുള്ള പാർട്ടിയായി കോൺഗ്രസ് മാറിയെന്നും BJP യെ എതിർക്കുന്നതിൽ കോൺഗ്രസിന് പ്രത്യയശാസ്ത്രപരമായി താൽപര്യമില്ലെന്നും മുഖ്യമന്ത്രി പിണറായി വിജയൻ കുറ്റപ്പെടുത്തി. കോൺഗ്രസിന് മതനിരപേക്ഷ പാരമ്പര്യം നഷ്ടമായിരിക്കയൊണെന്നും, ജനങ്ങളെ ബാധിക്കുന്ന വിഷയങ്ങളിൽ കോൺഗ്രസിന് നിലപാടില്ലെന്നും അദ്ദേഹം ആരോപിച്ചു. പൗരത്വഭേദഗതി നിയമത്തെ കുറിച്ച് രാഹുൽ ഗാന്ധിക്കും കോൺഗ്രസിനും ഒന്നും പറയാനില്ലെന്നും പിണറായി കുറ്റപ്പെടുത്തി.

വടകരയിലെ LDF സ്ഥാനാർത്ഥിക്ക് നേരെ നടക്കുന്ന അശ്ലീല സോഷ്യൽ മീഡിയ ക്യാമ്പയിൽ തടയാൻ കോൺഗ്രസിന് മടിയാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

ഒട്ടും ശാസ്ത്രീയത ഇല്ലാതെ ചില മാധ്യമങ്ങൾ പുറത്തുവിടുന്ന പ്രീ പോൾ സർവ്വേകൾ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ ഉദ്ദേശിച്ചാണെന്ന് പിണറായി കുറ്റപ്പെടുത്തി.

✪✪✪

LDF സ്ഥാനാർത്ഥികൾക്കെതിരെ സൈബർ ആക്രമണങ്ങൾ നടക്കുന്നുവെന്ന് CPIM ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരി കോഴിക്കോട് പറഞ്ഞു. രാഷ്ട്രീയമായും നയപരമായും വിമർശിക്കുന്നതിന് പകരം വ്യക്തിപരമായി അധിക്ഷേപിക്കുന്നു അദ്ദേഹം പറഞ്ഞു. വ്യക്തി അധിക്ഷേപം ഒരിക്കലും അംഗീകരിക്കാനാവില്ലെന്ന് അദ്ദേഹം പറഞ്ഞു.

✪✪✪

ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ കണക്കിലെടുക്കാതെ അനാവശ്യ ചെലവുകളും ആർഭാടവും ധൂർത്തും നടത്തി സംസ്ഥാന ഗവൺമെന്റ് കേരളത്തെ കടക്കെണിലാക്കുകയാണെന്ന് ഫോർവേർഡ് ബ്ലോക്ക് ദേശീയ ജനറൽ സെക്രട്ടറി ജി ദേവരാജൻ കോഴിക്കോട് ആരോപിച്ചു. നിത്യനിദാന ചെലവുകൾക്ക് കടമെടുക്കേണ്ടി വരുന്നത് ധനകാര്യ പിടിപ്പുകേടാണെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

സമൂഹമാധ്യമങ്ങളിലെ അശ്ലീല പോസ്റ്റിനെതിരെ വടകരയിലെ LDF സ്ഥാനാർത്ഥിയും മുൻ മന്ത്രിയുമായ K.K ശൈലജ നൽകിയ പരാതിയിൽ പോലീസ് കേസെടുത്തു. കോഴിക്കോട് നടുവണ്ണൂർ സ്വദേശിയായ ഗൾഫ് മലയാളി K.M മിൻഹാജിനെ പ്രതിയാക്കിയാണ് മട്ടന്നൂർ പൊലീസ് കേസ് എടുത്തത്. പത്ത് ദിവസം മുമ്പാണ് അശ്ലീല പോസ്റ്റിനെതിരെ ശൈലജ പൊലീസിൽ പരാതി നൽകിയത്. ഇയാൾക്കെതിരെ കലാപാഹ്വാനം നടത്തിയതിനു വകുപ്പുകളും ചേർത്തിട്ടുണ്ട്.

✪✪✪

മലപ്പുറം ലോക്സഭാ മണ്ഡലത്തിൽ പ്രചാരണം ശക്തമായി. മണ്ഡലം നിലനിർത്താനും പിടിച്ചെടുക്കാനും ലക്ഷ്യമിട്ട പ്രചാരണത്തിനാണ് മലപ്പുറം സാക്ഷ്യം വഹിക്കുന്നത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാപ്രതിനിധി എം സുരേഷ് ബാബു.

.....(വോയ്സ്).........

✪✪✪

ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങളിലെ വോട്ടുകൾക്കൊപ്പം VVPAT സ്ലിപ്പുകളും എണ്ണണമെന്ന ഹർജികളിൽ ഇന്ന് സുപ്രീംകോടതി വീണ്ടും വാദം കേൾക്കുകയാണ്. അസോസിയേഷൻ ഫോർ ഡെമോക്രാറ്റിക് റിഫോംസ് ഉൾപ്പെടെ സമർപ്പിച്ച ഹർജികൾ ജസ്റ്റിസുമാരായ സഞ്ജീവ് ഖന്നയും ദീപാങ്കർ ദത്തയും അടങ്ങുന്ന ബെഞ്ചാണ് പരിഗണിക്കുന്നത്. എന്നാൽ എല്ലാ വിവിപാറ്റുകളും പരിശോധിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ടെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ വ്യക്തമാക്കി.

✪✪✪

പ്രശസ്ത തിരക്കഥാകൃത്തും സംവിധായകനും ഗ്രന്ഥകാരനുമായ ബൽറാം മട്ടന്നൂർ അന്തരിച്ചു. അദ്ദേഹത്തിന് 62 വയസ്സായിരുന്നു. കളിയാട്ടം, കർമ്മയോഗി, സമവാക്യം, അന്യലോകം, പിതാവിനും പുത്രനും പരിശുദ്ധ ആത്മാവിനും തുടങ്ങിയ സിനിമകളുടെ തിരക്കഥാകൃത്താണ് അദ്ദേഹം.

മുയൽ ഗ്രാമം, രവി ഭഗവാൻ, കാട്ടിലൂടെ നാട്ടിലൂടെ തുടങ്ങിയ കൃതികളും അദ്ദേഹം രചിച്ചിട്ടുണ്ട്. സംസ്കാരം ഉച്ചയ്ക്ക് രണ്ടിന് കണ്ണൂർ പുല്ലൂപ്പിയിലെ സമുദായ ശ്മശാനത്തിൽ നടക്കും.

ബൽറാം മട്ടന്നൂരിന്റെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു.

✪✪✪

തൃശൂർ പൂര വിളംബരം നടന്നു. നെയ്തലക്കാവിലമ്മയുടെ തിടമ്പുമേന്തി ഗജവീരൻ എറണാകുളം ശിവകുമാർ തെക്കേ ഗോപുരനട തുറന്നു. നാളെയാണ് പ്രസിദ്ധമായ തൃശൂർ പൂരം.

എറണാകുളം ശിവകുമാറാണ് നെയ്തലക്കാവ് ഭഗവതിയുടെ തിടമ്പുമേന്തി പൂര വിളംബരം ചെയ്തത്. ആയിരങ്ങളാണ് പൂരത്തെ വരവേൽക്കാൻ തെക്കേഗോപുരനട മുമ്പാകെ ഒഴുകിയെത്തിയത്. പൂരവിളംബരം കഴിഞ്ഞതോടെ പിന്നെ വടക്കുന്നാഥന്റെ നിലപാടു തറയിൽ പൂരം അറിയിച്ചു കൊണ്ടു ശംഖനാദം ഉയർന്നു .

നാളെ രാവിലെ 6 മുതൽ ചെറുപൂരം എത്തി തുടങ്ങും. മഠത്തിൽ വരവ് രാവിലെ 11 നും ഇലഞ്ഞിത്തറമേളം രണ്ടിനും പ്രധാന ചടങ്ങ് ആയ കുടമാറ്റം വൈകിട്ട് നാലിന് അരങ്ങേറും. പിറ്റേന്ന് പുലർച്ചയാണ് പ്രധാന വെടിക്കെട്ട്. പകൽ പൂരം കഴിഞ്ഞാൽ ഉച്ചയോടെ ഉപചാരം ചൊല്ലി പിരിയുന്നതോടെ ഇത്തവണത്തെ പൂരത്തിന് സമാപനം ആകും.

✪✪✪

പ്രതിപക്ഷ നേതാവ് വി.ഡി സതീശനെതിരായ ഹർജി തിരുവനന്തപുരം പ്രത്യേക വിജിലൻസ് കോടതി തള്ളി. സിൽവർ ലൈൻ പദ്ധതി അട്ടിമറിക്കാൻ ശ്രമിച്ചെന്ന ആരോപണത്തിൽ വിജിലൻസ് അന്വേഷണം ആവശ്യപ്പെട്ട് നൽകിയ ഹർജി ആണ് തള്ളിയത്.

✪✪✪

വയനാട് സുഗന്ധഗിരി വന ഭൂമിയിൽ നിന്ന് 126 മരങ്ങൾ മുറിച്ചു കടത്തിയതുമായി ബന്ധപ്പെട്ട് മൂന്ന് പേരെ കൂടി സസ്പെൻഡ് ചെയ്തു. സൗത്ത് വയനാട് ഡിവിഷൻ ഫോറസ്റ്റ് ഓഫീസർ ഷജന കരീം, കൽപ്പറ്റ ഫ്ലയിങ് സ്ക്വാഡ് റേഞ്ച് ഓഫീസർ എം. സജീവൻ, ഗ്രേഡ് ഡെപ്യൂട്ടി ബീരാൻകുട്ടി എന്നിവരെയാണ് സസ്പെൻഡ് ചെയ്തത്.

സംഭവത്തിൽ സസ്പെൻഷനിലാകുന്ന വനംവകുപ്പ് ജീവനക്കാരുടെ എണ്ണം ഇതോടെ ഒൻപതായി. കൽപ്പറ്റ റെയ്ഞ്ച് ഓഫീസർ കെ.നീതുവിനെ കഴിഞ്ഞദിവസം സസ്പെൻഡ് ചെയ്തിരുന്നു. നോർത്ത് വയനാട് DFO മാർട്ടിൻ ലോവലിനാണ് സൗത്ത് വയനാട് ഡിവിഷന്റെ താൽക്കാലിക ചുമതല.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് പഞ്ചാബ് കിംഗ്സ്, മുംബൈ ഇന്ത്യൻസിനെ നേരിടും. അഹമ്മദാബാദിൽ രാത്രി ഏഴരക്കാണ് മൽസരം.

ഇന്നലെ ഡൽഹി കാപിറ്റൽസ്, ഗുജറാത്ത് ടൈറ്റൻസിനെ ആറ് വിക്കറ്റിന് പരാജയപ്പെടുത്തി.

✪✪✪

കണ്ണൂർ ജില്ലാ ഫുട്ബോൾ അസോസിയേഷന്റെ ലീഗ് ഫുട്ബോൾ ടൂർണമെന്റിൽ ഇന്നലെ സീനിയർ സൂപ്പർ ലീഗിൽ ദ ബ്രദേഴ്സ് ക്ലബ് കണ്ണൂർ മറുപടിയില്ലാത്ത രണ്ട് ഗോളിന് ജിംഖാന ക്ലബിനെ തോൽപ്പിച്ചു.

സീനിയർ ഡിവിഷൻ മത്സരത്തിൽ ജൂനിയർ റെഡ്സ്റ്റാർ കണ്ണൂരിനെ 5-1 ന് തകർത്ത് സ്പിരിറ്റഡ് യൂത്ത്സ് ക്ലബ് ജേതാക്കളായി. ഇന്ന് നടത്താനിരുന്ന മത്സരം മറ്റൊരു ദിവസത്തേക്ക് മാറ്റി.

✪✪✪

സംസ്ഥാനത്ത് ഇന്നും നാളെയും എല്ലാ ജില്ലകളിലും മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു . കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ശനി,

ഞായർ ദിവസങ്ങളിൽ കാസർക്കോട് , കണ്ണൂർ ഒഴികെ ജില്ലകളിലാണ് മഴയ്ക്ക് സാധ്യത.

✪✪✪

സുൽത്താൻ ബത്തേരി കൊളഗപ്പാറയിൽ വാഹനാപകടത്തിൽ ഒരാൾ മരിച്ചു. നാല് പേർക്ക് പരുക്ക്. സുൽത്താൻ ബത്തേരി കാരക്കണ്ടി നരിക്കോട്ടിൽ ഷേർലി ആണ് മരിച്ചത്. സാരമായി പരുക്കേറ്റ മൂന്ന് പേരെ കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിലേക്ക് മാറ്റി. ഇടുക്കിയിൽ പോയി തിരികെ വരുമ്പോഴായിരുന്നു അപകടം.

✪✪✪

കൽപറ്റയിൽ സ്കൂട്ടർ താഴ്ചയിലേക്ക് മറിഞ്ഞ് മെഡിക്കൽ വിദ്യാർഥി മരിച്ചു. കോഴിക്കോട് മെഡിക്കൽ കോളജ് വിദ്യാർത്ഥിനി മഞ്ചേരി പാലക്കുളത്തെ ഫാത്തിമ തസ്കിയ യാണ് മരിച്ചത്.

✪✪✪

കോഴിക്കോട് മുക്കത്ത് ടിപ്പറും ഇരുചക്ര വാഹനവും കൂട്ടിയിടിച്ച് ഇരു ചക്രവാഹന യാത്രക്കാരൻ മരിച്ചു. മലപ്പുറം ഊർങ്ങാട്ടീരി സ്വദേശി ഷിബു മോനാണ് മരിച്ചത്. ഇന്നലെ രാത്രിയായിരുന്നു അപകടം.

✪✪✪

മേടമാസ-വിഷു പൂജകൾ പൂർത്തിയാക്കി ശബരിമലയിൽ രാത്രി നട അടക്കും. ഇനി ഇടവമാസ പൂജകൾക്കും പ്രതിഷ്ഠാദിനത്തിനുമായി മെയ് 14-ന് നട തുറക്കും.

✪✪✪